പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ.4924

27.10.2016-ൽ

മറുപടിക്ക്

**മംഗലശ്ശേരി തോട്ടം പ്രദേശവാസികൾക്ക് പട്ടയം അനുവദിക്കുന്ന നടപടി**

ചോദ്യം

ശ്രീ.ജോർജ് എം. തോമസ്

ഉത്തരം

ശ്രീ. ഇ. ചന്ദ്രശേഖരൻ

(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | കോഴിക്കോട് താലൂക്ക് താഴക്കോട് വില്ലേജിലെ മംഗലശ്ശേരി തോട്ടം പ്രദേശത്ത് താമസിക്കുന്ന അർഹരായവർക്ക് പട്ടയം അനുവദിക്കുന്ന കാര്യം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നറിയിക്കാമോ; | (എ) (ബി) | കോഴിക്കോട് താലൂക്കിലെ താഴക്കോട് വില്ലേജിലെ 107 തോട്ടം നിവാസികൾക്ക് 1974-ലെ കേരള ഫോറസ്റ്റ് വെസ്റ്റിംഗ് & അസൈൻമെന്റ് റൂൾപ്രകാരം പട്ടയം നൽകുന്ന നടപടികൾ ആരംഭിച്ചിരുന്നുവെങ്കിലും ആയത് പൂർത്തീകരിച്ചിരുന്നില്ല. അന്ന് കൈവശം നൽകിയ ഭൂമി പിന്നീട് അനധികൃതമായി കൈമാറ്റം നടത്തിയതായി കണ്ടെത്തിയതിനാൽ ബന്ധപ്പെട്ട എല്ലാ കക്ഷികളുടെയും രേഖകൾ പരിശോധിച്ച് അനധികൃത കൈമാറ്റം നടത്തിയ എല്ലാവരുടെയും രേഖകൾ റദ്ദ് ചെയ്യുകയും പിന്നീട് വീട്ടു വെച്ച് താമസിച്ചു വരുന്നവർക്കും രേഖകൾ ഹാജരാക്കിയവർക്കും പുതുതായി പട്ടയം നൽകുന്നതിനായും ബാക്കി സ്ഥലം മുക്കം ഗവ. പോളി ടെക്നിക്കിനു വിട്ടു കൊടുക്കുന്നതിനുള്ള നടപടികൾ സർക്കാർ തലത്തിൽ സ്വീകരിച്ചു വരുന്നുണ്ട്. ഇതിന്റെ ഭാഗമായി 08.11.2016-ന് ബന്ധപ്പെട്ടവരുടെ യോഗവും മന്ത്രിതലത്തിൽ ചേരാനും ആവശ്യമായ നടപടികൾ സ്വീകരിക്കാനും തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | സാങ്കേതിക - നടപടികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്നും ഇവർക്ക് എന്ന് പട്ടയം അനുവദിക്കാൻ കഴിയുമെന്നും വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ